**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആഭ്യന്തര വകുപ്പ് - പോലീസ് ജീവനക്കാര്യം - കൊച്ചിൻ മെട്രോയുടെ നിലവിലുള്ള സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത് 2025 വരെ SISF -സുരക്ഷാംഗങ്ങളെ 'Bill of Cost' വ്യവസ്ഥ ഒഴിവാക്കി വിന്യസിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (എ) വകുപ്പ്**

G.O.(Ms) No.132/2022/HOME തീയതി,തിരുവനന്തപുരം, 02-07-2022

---

പരാമർശം:-

1. 26.5.2017-ലെ സ.ഉ (കൈ) നം .109/2017/ആഭ്യന്തരം
2. 14.8.2017ലെ സ.ഉ (കൈ) നം. 125/2017/ആഭ്യന്തരം
3 16.06.2017-ലെ സ.ഉ (കൈ) നം .130/2017/ആഭ്യന്തരം
4 7.1.2020 -ലെ സ.ഉ (കൈ) നം.6/2020/ആഭ്യന്തരം
5 കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന്റെ മാനേജിംഗ് ഡയറക്ടറുടെ 04.02.2022 -ലെ KMRL/O&M/Secirity /2017-2 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിനു സുരക്ഷ ഒരുക്കുന്നതിനായി 138 സേനാംഗങ്ങളെ KAP ബറ്റാലിയനിൽ നിന്നും വിന്യസിക്കുന്നതിന് പരാമർശം (1) പ്രകാരം അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് KMRL ൽ സുരക്ഷാസേനാംഗങ്ങളായി നിയമിക്കുന്നതിന് SISF ൽ 108 പുരുഷ സേനാംഗങ്ങളുടെയും , 30 വനിതാ സേനാംഗങ്ങളുടെയും തസ്തിക സർക്കാരിന് സാമ്പത്തിക ബാധ്യതയില്ലാത്തവിധം സൃഷ്ടിക്കുന്നതിന് അനുമതി നൽകിയിരുന്നു. കൊച്ചി മെട്രോയിൽ പോലീസ് സേനാംഗങ്ങളുടെ മേൽ നോട്ടത്തിനായി ആറ് സൂപ്പർവൈസറി തസ്തികൾ പരാമർശം (3) പ്രകാരം സ്ൃഷ്ടിച്ചിരുന്നു . കൂടാതെ കൊച്ചി മെട്രോയുടെ Reach 2A യുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് SISF ൽ നിന്നും എൺപത് (80) തസ്തികകൾ കൂടി സൃഷ്ടിച്ച് പരാമർശം (4)

പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവിൽ തസ്തികകൾ സൃഷ്ടിക്കുന്നതിലൂടെ ഉണ്ടാകുന്ന ചെലവ് KMRL വഹിക്കണം എന്നും ഇത് സംബന്ധിച്ച് ധാരണാപത്രം നിയമപരമായി ഒപ്പ് വയ്ക്കണം എന്നും 31.8.2019 വരെ സെക്യൂരിറ്റി പ്രദാനം ചെയ്ത വകയിൽ SISF നു നൽകേണ്ട മുഴുവൻ കുടിശ്ശികയും അടച്ചു തീർക്കണം എന്നും കുടിശിക ഒടുക്കിയശേഷം മാത്രമേ കൂടുതൽ പോലീസ് സേനാംഗങ്ങളെ KMRL നു നൽകുകയുള്ളൂ എന്നും വ്യവസ്ഥ ചെയ്തിരുന്നു .

2) KMRL ഗുരുതര സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നു പോകുന്നതിനാൽ നിലവിലെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന് താഴെ പറയുന്ന ശുപാർശകൾ കൊച്ചിൻ മെട്രോ റയിലിന്റെ മാനേജിങ് ഡയറക്ടർ പരാമർശം (5) പ്രകാരം സമർപ്പിച്ചിരുന്നു.

- SISF ൽ നിന്നും കൊച്ചി മെട്രോയുടെ സുരക്ഷയ്ക്കായി 218 പൊലീസുകാരെ നിയമിച്ചതുമായി ബന്ധപ്പെട്ട ചെലവ് തത്കാലത്തേക്ക് KMRL/Transport Dept.ൽ നിന്ന് പോലീസ് വകുപ്പിന് book adjustment payment എന്ന വ്യവസ്ഥയിൽ നൽകുക അല്ലെങ്കിൽ
- 2017 മുതൽ SISF -ന് നൽകേണ്ട കുടിശിക ഒടുക്കുന്നതിനുള്ള തുക സർക്കാർ അനുവദിക്കുക അല്ലെങ്കിൽ
- 2025 വരെ KMRL നൽകേണ്ട തുകയ്ക്ക് moratorium അനുവദിക്കുക

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പൂർണമായും ഗവണ്മെന്റിന്റെ ഉടമസ്ഥതയിലുള്ള സ്ഥാപനമായ കൊച്ചിൻ മെട്രോയുടെ നിലവിലുള്ള സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത് 07.01.2020 -ലെ സ.ഉ(കൈ) നം. 6/2020/ആഭ്യന്തരം ഉത്തരവിലെ വ്യവസ്ഥകളിൽ ഇളവ് വരുത്തി, 2025 വരെ SISF - സുരക്ഷാംഗങ്ങളെ 'Bill of Cost' വ്യവസ്ഥ ഒഴിവാക്കി, വിന്യസിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

DR VENU V I A S

ADDITIONAL CHIEF SECRETARY

സംസ്ഥാന പോലീസ് മേധാവി, കേരളം, തിരുവനന്തപുരം

മാനേജിംഗ് ഡയറക്ടർ, കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ്

ഇൻഫർമേഷൻ & പബ്ലിക്ക്റിലേഷൻസ് വകുപ്പ് ( വെബ് &ന്യൂ മീഡിയ)( സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**Signed by Asoka Kumari L**
**Date: 03-07-2022 10:33:12**

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്

പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നമ്പർ :872 തീയതി 29.06.2022)

രഹസ്യം

**കേരള സർക്കാർ**

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 29-06-2022**

OFFICE OF THE ADDITIONAL CHIEF SECRETARY, HOME & VIGILANCE DEPARTMENT
3 0 JUN 2022

ഫയൽ നം. എ5/382/2021/ആഭ്യന്തരം. ഇനം നം: 872

വിഷയം : ആഭ്യന്തര വകുപ്പ് - കൊച്ചിൻ മെട്രോയ്ക്ക് 2025 വരെ SISF സുരക്ഷാംഗങ്ങളെ, ബിൽ ഓഫ് കോസ്റ്റ് വ്യവസ്ഥ ഒഴിവാക്കി വിന്യസിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

JS (A)
AS/US (A)
Pl: issue orders
30/6/2022

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്.

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1 | ഫയൽ നം. | : | **എ 5/382/2021/ആഭ്യന്തരം.** |
| 2. | വകുപ്പ് | : | ആഭ്യന്തര (എ) വകുപ്പ് |
| 3. | വിഷയം | : | ആഭ്യന്തര വകുപ്പ് - കൊച്ചിൻ മെട്രോയ്ക്ക് 2025 വരെ SISF സുരക്ഷാംഗങ്ങളെ, ബിൽ ഓഫ് കോസ്റ്റ് വ്യവസ്ഥ ഒഴിവാക്കി വിന്യസിക്കുന്നത് - സംബന്ധിച്ച് |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 06/06/2022 |
| 5. | 1. ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ | : | ആണ് |
| | 2. സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഉണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ. ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീ. അനിൽ കുമാർ ജി. |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ.റ്റി.കെ. ജോസ് |
| 9. | മന്ത്രിസഭാ യോഗത്തിനുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 20/06/2022 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. വി.പി.ജോയ് |
| 11. | മന്ത്രിസഭാ യോഗത്തിനുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 21/06/2022 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. പിണറായി വിജയൻ |
| 13. | മന്ത്രിസഭാ യോഗത്തിനുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 25/06/2022 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 27/06/2022 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പരും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

കൊച്ചിൻ മെട്രോയ്ക്ക് 2025 വരെ SISF സുരക്ഷാംഗങ്ങളെ, ബിൽ ഓഫ് കോസ്റ്റ് എന്ന വ്യവസ്ഥ ഒഴിവാക്കി വിന്യസിക്കുന്നത് സംബന്ധിച്ച വിഷയമാണ് ഈ കുറിപ്പിൽ കൈകാര്യം ചെയ്യുന്നത്.

2) കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിനു സുരക്ഷാ ഒരുക്കുന്നതിനായി 138 സേനാംഗങ്ങളെ KAP ബറ്റാലിയനിൽ നിന്നും വിന്യസിക്കുന്നതിന് 26.5.2017-ലെ സ.ഉ (കൈ) നം .109/2017/ആഭ്യന്തരം പ്രകാരം അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് 14.8.2017 ലെ സ.ഉ (കൈ) നം. 125/2017/ആഭ്യന്തരം പ്രകാരം KMRL ൽ സുരക്ഷാസേനാംഗങ്ങളായി നിയമിക്കുന്നതിന് SISF ൽ 108 പുരുഷ സേനാംഗങ്ങളുടെയും, 30 വനിതാ സേനാംഗങ്ങളുടെയും തസ്തിക സർക്കാരിന് സാമ്പത്തിക ബാധ്യതയില്ലാത്തവിധം സൃഷ്ടിക്കുന്നതിന് അനുമതി നൽകിയിരുന്നു. 16.06.2017-ലെ സ.ഉ (കൈ) നം . 130/2017/ആഭ്യന്തരം പ്രകാരം കൊച്ചി മെട്രോയിൽ പോലീസ് സേനാംഗങ്ങളുടെ മേൽ നോട്ടത്തിനായി ആറ് സൂപ്പർവൈസറി തസ്തികളും സൃഷ്ടിച്ചിരുന്നു. ഇതു കൂടാതെ കൊച്ചി മെട്രോയുടെ Reach 2A യുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് SISF ൽ നിന്നും എൺപത് (80) തസ്തികകൾ കൂടി സൃഷ്ടിച്ച് 7.1.2020 -ലെ സ.ഉ (കൈ) നം.6/2020/ആഭ്യന്തരം പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു. ടി ഉത്തരവിൽ തസ്തികകൾ സൃഷ്ടിക്കുന്നതിലൂടെ ഉണ്ടാകുന്ന ചെലവ് KMRL വഹിക്കണം എന്നും ഇത് സംബന്ധിച്ച് ധാരണാപത്രം നിയമപരമായി ഒപ്പു വയ്ക്കണം എന്നും 31.8.2019 വരെ സെക്യൂരിറ്റി പ്രദാനം ചെയ്ത വകയിൽ SISF നു നൽകേണ്ട മുഴുവൻ കുടിശ്ശികയും അടച്ചു തീർക്കണം എന്നും കുടിശിക ഒടുക്കിയശേഷം മാത്രമേ കൂടുതൽ പോലീസ് സേനാംഗങ്ങളെ KMRL നു നൽകുകയുള്ളൂ എന്നും വ്യവസ്ഥ ചെയ്തിരുന്നു.

3) KMRL ഗുരുതര സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നു പോകുന്നതിനാൽ നിലവിലെ പ്രതിസന്ധി പരിഹരിക്കുന്നതിനായി താഴെ പറയുന്ന ശുപാർശകൾ കൊച്ചിൻ മെട്രോ റയിലിന്റെ മാനേജിങ് ഡയറക്ടർ സമർപ്പിച്ചിരുന്നു.

- SISF ൽ നിന്നും കൊച്ചി മെട്രോയുടെ സുരക്ഷയ്ക്കായി 218 പൊലീസുകാരെ നിയമിച്ചതുമായി ബന്ധപ്പെട്ട ചെലവ് തത്കാലത്തേക്ക് KMRL/Transport Dept.ൽ നിന്ന് പോലീസ് വകുപ്പിന് book adjustment payment എന്ന വ്യവസ്ഥയിൽ നൽകുക അല്ലെങ്കിൽ
- 2017 മുതൽ SISF -ന് നൽകേണ്ട കുടിശിക ഒടുക്കുന്നതിനുള്ള തുക സർക്കാർ

അനുവദിക്കുക അല്ലെങ്കിൽ

- 2025 വരെ KMRL നൽകേണ്ട തുകയ്ക്ക് moratorium അനുവദിക്കുക

4) കൊച്ചിൻ മെട്രോയുടെ സുരക്ഷയ്ക്കായി സൃഷ്ടിച്ച 224 തസ്തികകളിൽ ആദ്യഘട്ടമായി 144 സുരക്ഷാ ജീവനക്കാരെ ഡെപ്യൂട്ടേഷനിൽ വിന്യസിച്ചിട്ടുണ്ടെന്നും രണ്ടാംഘട്ടമായി സൃഷ്ടിച്ച 80 തസ്തികകളിലേക്കുള്ള നിയമനം KMRL 2017 മുതലുള്ള കുടിശിക അടക്കാത്തതിനാൽ working arrangement -ലാണ് നടത്തിയിട്ടുള്ളതെന്നും, കുടിശിക അടയ്ക്കുന്നതിനുള്ള നടപടി ഇതുവരെ KMRL സ്വീകരിക്കാത്ത സാഹചര്യത്തിൽ കൊച്ചിൻ മെട്രോയിലേക്ക് നിയോഗിച്ച സുരക്ഷാ ജീവനക്കാരുടെ എണ്ണം 144 ആക്കി ചുരുക്കി ബാക്കിയുള്ള 80 ജീവനക്കാരെ തിരിച്ച് വിളിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടെന്നും സംസ്ഥാന പോലീസ് മേധാവി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5) പൂർണമായും ഗവൺമെന്റിന്റെ ഉടമസ്ഥതയിലുള്ള സ്ഥാപനമായ കൊച്ചി മെട്രോ സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ 07.01.2020 -ലെ സ.ഉ(കൈ) നം .6/2020/ആഭ്യന്തരം ഉത്തരവിലെ വ്യവസ്ഥകളിൽ ഇളവ് വരുത്തി രണ്ടാംഘട്ടമായി സൃഷ്ടിച്ച 80 തസ്തികകളിലേക്ക് 2025 വരെ SISF ൽ നിന്നും വിന്യസിക്കാമോ എന്ന കാര്യത്തിൽ ഉത്തരവിനായി ഫയൽ ബഹു. മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്യുകയും ഫയൽ ധനകാര്യവകുപ്പ് മന്ത്രിയുടെ അഭിപ്രായം സഹിതം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ഉത്തരവാകുകയും ചെയ്തിട്ടുണ്ട് .

6) ഇക്കാര്യത്തിലുള്ള ധനകാര്യവകുപ്പ് മന്ത്രിയുടെ അഭിപ്രായം ചുവടെ ചേർക്കുന്നു "Agreed ".

**തീരുമാനിക്കേണ്ട വിഷയം**

കൊച്ചിൻ മെട്രോയുടെ നിലവിലുള്ള സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത് 07.01.2020 -ലെ സ.ഉ(കൈ) നം. 6/2020/ആഭ്യന്തരം ഉത്തരവിലെ വ്യവസ്ഥകളിൽ ഇളവ് വരുത്തി, 2025 വരെ SISF -ന്റെ സുരക്ഷ 'Bill of Cost' വ്യവസ്ഥ ഒഴിവാക്കി , രണ്ടാംഘട്ടമായി സൃഷ്ടിച്ച 80 തസ്തികകളിലേക്ക് SISF ൽ നിന്നും വിന്യസിക്കുന്നതിന് അനുമതി നൽകാമോ ?

"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

ആഭ്യന്തര വകുപ്പ്-പോലീസ് ജീവനക്കാര്യം-കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന്റെ Reach 2A-യുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് പോലീസ് വകുപ്പിന് കീഴിലുള്ള സംസ്ഥാന വ്യവസായ സംരക്ഷണ സേനയിൽ പോലീസ് സേനാംഗങ്ങളുടെ 80 തസ്തികകൾ സൃഷ്ടിക്കുന്നതിന് അനുമതി നൽകികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (എ ) വകുപ്പ്**

**സ.ഉ.(കൈ) നം.6/2020/ആഭ്യന്തരം** തീയതി,തിരുവനന്തപുരം, 07/01/2020

---

പരാമർശം:- 1 കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് ഡയറക്ടർ (സിസ്റ്റംസ് )ന്റെ 10.07.2017ലെ KMRL/O&M/SEC/2016/17 നമ്പർ കത്ത്.

2 സംസ്ഥാന പോലീസ് മേധാവിയുടെ 16.09.2017ലെ S2(a)-54590/2017/PHQ നമ്പർ കത്ത്.

**ഉത്തരവ്**

ജവഹർലാൽ നെഹ്റു സ്റ്റേഡിയം സ്റ്റേഷൻ മുതൽ മഹാരാജാസ് കോളേജ് സ്റ്റേഷൻ വരെയുള്ള കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന്റെ Reach 2Aയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട സുരക്ഷാ ചുമതലയ്ക്കായി 80 സെക്യൂരിറ്റി അംഗങ്ങളെ അധികമായി ആവശ്യമുണ്ടെന്ന് കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് ഡയറക്ടർ (സിസ്റ്റം) പരാമർശം (1) പ്രകാരം അറിയിച്ചിരുന്നു.

2)കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന് ജവഹർലാൽ നെഹ്റു സ്റ്റേഡിയം സ്റ്റേഷൻ മുതൽ മഹാരാജാസ് കോളേജ് സ്റ്റേഷൻ വരെയുള്ള Reach 2A-യുടെ പ്രവർത്തനമാരംഭിക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന വ്യവസായ സംരക്ഷണ സേനയ്ക്ക് അധികമായി 5 മെട്രോ സ്റ്റേഷനുകളുടെ സുരക്ഷ ചുമതലകൾ കൂടി ഏറ്റെടുക്കേണ്ടി വരുമെന്നും, ആയതിനായി പോലീസ് ഉദ്യോഗസ്ഥരുടെ 102 തസ്തികകൾ സൃഷ്ടിക്കണമെന്നും സംസ്ഥാന പോലീസ് മേധാവി പരാമർശം (2) പ്രകാരം അഭ്യർഥിക്കുകയുണ്ടായി.



Generated from eOffice by SHINE A, SG-ASST (A3) HOME, SG-ASST (A3) HOME, HOME on 23/05/2022 02:59 PM

3)സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, തസ്തികകൾ സൃഷ്ടിയ്ക്കുന്നതിലൂടെയുണ്ടാകുന്ന ചെലവ് കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് വഹിയ്ക്കേണ്ടതാണെന്നും, നിർബന്ധമായും ഇത് സംബന്ധിച്ച ധാരണപത്രം നിയമപരമായി ഒപ്പുവയ്ക്കേണ്ടതാണെന്നും, 31.08.2019-വരെ സെക്യൂരിറ്റി പ്രദാനം ചെയ്ത വകയിൽ സംസ്ഥാന വ്യവസായ സംരക്ഷണ സേനയ്ക്ക് നൽകാനുള്ള മുഴുവൻ കുടിശ്ശികയും അടച്ച് തീർക്കേണ്ടതാണെന്നും, കുടിശ്ശിക ഒടുക്കിയശേഷം മാത്രമേ പുതുതായി അനുവദിച്ച തസ്തിക പ്രകാരമുള്ള കൂടുതൽ പോലീസ് സേനാംഗങ്ങളെ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന് നൽകുകയുള്ളൂ എന്നുമുള്ള വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ സംസ്ഥാന വ്യവസായ സംരക്ഷണ സേനയിൽ താഴെപ്പറയും പ്രകാരം പോലീസ് സേനാംഗങ്ങളുടെ 80 തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

| | |
|---|---|
| ഹവിൽദാർ | 10 |
| പോലീസ് കോൺസ്റ്റബിൾ | 60 |
| വനിതാ പോലീസ് കോൺസ്റ്റബിൾ | 10 |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഡോ.വിശ്വാസ് മേത്ത**
**അഡീഷണൽ ചീഫ് സെക്രട്ടറി**

പകർപ്പ്

സംസ്ഥാന പോലീസ് മേധാവി, തിരുവനന്തപുരം

മാനേജിംഗ് ഡയറക്ടർ, കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ്

ധനകാര്യ വകുപ്പ് (7/8/2018 തീയതിയിലെ 467280/Exp/A3/238/2017/Finance (EXP-A) Department നമ്പർ കുറിപ്പ്.)

പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം. നമ്പർ 3642 തീയതി 31/12/2019)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി



Generated from eOffice by SHINE A, SG-ASST (A3) HOME, SG-ASST (A3) HOME, HOME on 23/05/2022 02:59 PM